# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1428 — 12.07.2011-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. സി.കെ.സദാശിവൻ

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## കായംകുളം അസംബ്ളി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി

| | | |
|---|---|---|
| (എ) | കായംകുളം അസംബ്ളി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഭരണാനുമതിയുള്ള കൂട്ടുംവാതുക്കൽ പാലം, മുട്ടേൽപാലം, കായംകുളം ജുഡീഷ്യൽ കോംപ്ളക്സ് നിർമ്മാണം, കായംകുളം ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, കായംകുളം ഫയർ സ്റ്റേഷൻ ഗ്യാരേജ് പുനരുദ്ധാരണം, കായംകുളം വനിതാ പോളിടെക്നിക്കിന് ആഡിറ്റോറിയം, പോളിടെക്നിക് ഹോസ്റ്റൽ സ്റ്റാഫ് ക്വാർട്ടേഴ്സ്, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, ജില്ലാ റോഡ് പാക്കേജിൽ ഉൾപ്പെടുത്തി കായംകുളം കാർത്തികപ്പള്ളി റോഡ് രണ്ട് ലൈൻ ആയി വികസിപ്പിക്കൽ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ; | കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് പണിയുന്നതിനായുള്ള സ്ഥലം ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. ആയത് ആലപ്പുഴ ജില്ലാ കളക്ടർക്ക് പൊന്നും വില നടപടികൾക്കായി കൊടുത്തിട്ടുണ്ട്. കായംകുളം ജുഡീഷ്യൽ കോംപ്ളക്സിന്റെ ഹൈക്കോടതി അംഗീകരിച്ച ഡിസൈൻ ഫൈനൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിനായി ചീഫ് ആർക്കിടെക്ടിന് സമർപ്പിച്ചിട്ടുണ്ട്. കായംകുളത്തെ നിലവിലുള്ള കോടതി പുതിയ ജുഡീഷ്യൽ കോംപ്ളക്സിലേക്ക് മാറ്റിയതിനു ശേഷം മാത്രമേ തൽസ്ഥാനത്ത് ക്വാർട്ടേഴ്സിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഫയർ സ്റ്റേഷൻ ഗ്യാരേജ് പുനർനിർമ്മാണം ആവശ്യമില്ലെന്ന് ഫയർ സ്റ്റേഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. പോളിടെക്നിക്ക് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തി കെ.എസ്.സി.സി. ലിമിറ്റഡിന് നേരിട്ട് നൽകിയിട്ടുള്ളതായി പട്ടിക ജാതി വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്. കായംകുളം കാർത്തികപ്പള്ളി റോഡ് രണ്ട് ലൈനായി വികസിപ്പിക്കുന്നതിനുള്ള 237.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികൾ പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | പ്രസ്തുത പ്രവൃത്തികൾ ഈ വർഷത്തെ ആദ്യ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഭേദഗതി പത്രികയിൽ വീണ്ടും ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. |

**സെക്ഷൻ ഓഫീസർ**